**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4359** **12/11/2019 ൽ മറുപടിക്ക്**

**<u>ദേവസ്വം ബോർഡിലേക്ക് ഉദ്യോഗസ്ഥർ അടയ്ക്കാനുള്ള തുക</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | അനുമതിയില്ലാതെ വഴിപാട് നടത്തിയ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് ഉദ്യോഗസ്ഥർ അടയ്ക്കേണ്ട തുകയിൽ ഇളവ് നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) യും (ബി) യും (സി) യും | അനുമതിയില്ലാതെ വഴിപാട് നടത്തിയ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില ദേവസ്വങ്ങളിൽ പ്രൊപ്പോസ്സൽ അനുവാദം ഇല്ല എന്ന കാരണത്താൽ വഴിപാട് നടത്തി കൊടുക്കുന്നതിന് ചെലവാകുന്ന തുക ആഡിറ്റിൽ ചുമതലയായി നിജപ്പെടുത്തിയിരുന്നു. വഴിപാടുകൾ നടത്തി കൊടുക്കുന്നതിന് ചെലവാക്കിയ തുക വീണ്ടും ചുമതലക്കാരിൽ നിന്നും ഈടാക്കുന്നത് യുക്തിരഹിതമാണെന്ന് കണ്ടതിനെ തുടർന്ന് തുക ഒഴിവാക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്. യഥാസമയം പ്രൊപ്പോസൽ അനുവാദം വാങ്ങിയില്ല എന്നത് കണക്കിലെടുത്ത് സപ്ലൈയർ തുകയുടെ 20% പിഴയായി ചുമതലക്കാരിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | എത്ര ശതമാനം ഇളവാണ് നൽകുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പിഴ പൂർണ്ണമായും ഈടാക്കണമെന്ന ദേവസ്വം മാന്വലിലെ നിർദ്ദേശങ്ങൾക്കും ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും വിരുദ്ധമായി ഇത്തരമൊരു തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ